# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 232** 07/12/2018-ലെ മറുപടി

## കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ പരാമർശം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത് | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഡാമുകളിലെ പ്രവർത്തനത്തിനായി റൂൾ കേർവുകൾ പുനർനിർണ്ണയിക്കണം എന്ന കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ ; | എ | ഉണ്ട്. |
| ബി) പ്രളയത്തിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ പ്രവർത്തനങ്ങളിലും റൂൾ കേർവുകളിലും എന്തൊക്കെ മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി | ഡാമുകൾ നിറയുമ്പോൾ ഏതെല്ലാം തരത്തിലുള്ള മുന്നറിയിപ്പ് ആർക്കൊക്കെ നല്കണമെന്നുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലെ മാർഗ്ഗരേഖ അനുസരിച്ചാണ് ഡാമുകളുടെ പ്രവർത്തനം നടത്തി വരുന്നത് . സംസ്ഥാനത്തെ ഡാമുകളിലെ പ്രവർത്തനത്തിനായും പ്രളയസമയത്തുണ്ടാകുന്ന അധികജലത്തിന്റെ ഒരു ഭാഗം ഉൾക്കൊണ്ട് ഡാമുകളിൽ നിന്ന് ജലം പുറത്തു വിടുന്നതിനായി പുതിയ റൂൾ കേർവ് തയ്യാറാക്കി വരുന്നു. |
| സി) സംസ്ഥാനത്തെ മഴയുടെ തോതിലുണ്ടാകുന്ന മാറ്റങ്ങൾ , കാലാവസ്ഥാ വ്യതിയാനം , എക്കൽ മണ്ണ് നിക്ഷേപം എന്നിവ മൂലം സംഭരണ ശേഷിയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് ജലവിഭവ വകുപ്പിന്റെ ഡാമുകളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ? | സി | സംസ്ഥാനത്തെ മഴയുടെ തോതിലുണ്ടാകുന്ന മാറ്റങ്ങൾ, കാലാവസ്ഥ വ്യതിയാനം, എക്കൽ മണ്ണ് നിക്ഷേപം എന്നിവ മൂലം സംഭരണ ശേഷിയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് ജല വിഭവ വകുപ്പിന്റെ ഡാമുകളിൽ നിന്ന് എക്കൽ മണ്ണ് നീക്കം ചെയ്ത് സംഭരണ ശേഷി കൂട്ടാൻ വേണ്ടിയുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.<br>ഡാമുകളുടെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പ്രാരംഭ ചർച്ചകൾ നടത്തി വരികയാണ്. ഇതിലേക്ക് ആവശ്യമായ പ്രളയ പ്രവചനം ( Flood Forecasting), സംയോജിത ജല സംഭരണ പ്രക്രിയ ( Integrated Reservoir Operation) എന്നിവ National Hydrology Project |

(NHP), Dam Rehabilitation and Improvement Project (DRIP) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**